# വിശാലകൊച്ചിവികസന അതോറിറ്റി

**പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി–682020**Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com


*"ഭരണഭാഷ - മാതൃഭാഷ"*

നമ്പർ.5604/ഐ.ഒ./2017/ജി.സി.ഡി.എ. തീയതി, 02.08.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. ജോൺസൺ ജോൺ
പൂർവ്വ വൈശാൻ എൻക്ലേവ്,
അമ്പേലിപ്പാടം റോഡ്,
വൈറ്റില.

സർ,

വിഷയം:- ജി.സി.ഡി.എ. - ഭരണവിഭാഗം - വിവരാവകാശ നിയമം - വിവരങ്ങൾ നൽകൽ - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 12.07.2017 തീയതിയിൽ ലഭിച്ച അപേക്ഷ.

----------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കാണും പ്രകാരം നൽകുന്നു.

ചോദ്യം (1):- പനമ്പിള്ളിനഗറിൽ ജിസിഡിഎയുടെ ഉടമസ്ഥതയിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 27-ാം നമ്പർ, 28-ാം നമ്പർ കടമുറികൾ നിലവിൽ ഒഴിഞ്ഞുകിടപ്പുണ്ടോ?
ഉത്തരം :- ഇല്ല.

ചോദ്യം (2) :- 27, 28-ാം നമ്പർ കടമുറികൾ ഒഴിഞ്ഞിട്ടില്ലെങ്കിൽ നിലവിൽ ആർക്കാണ് ഈ കടമുറികൾ അലോട്ട്മെന്റ് ചെയ്തിരിക്കുന്നത്?
ഉത്തരം :- ശ്രീമതി. ഷൈനി ക്ലീറ്റസിന്റെ പേരിൽ.

ചോദ്യം (3) :- നിലവിലുള്ള പനമ്പിള്ളിനഗറിലെ 27-ാം നമ്പർ, 28-ാം നമ്പർ കടമുറികൾക്ക് ഉടമസ്ഥാവകാശം ഉണ്ടെങ്കിൽ കൃത്യമായ വാടക ജിസിഡിഎയ്ക്ക് കിട്ടുന്നുണ്ടോ?
ഉത്തരം :- വാടക കുടിശ്ശിക ഇല്ല.

ചോദ്യം (4) :- മേൽപറഞ്ഞ കടമുറികൾ ജിസിഡിഎ അറിയാതെ ഉയർന്ന തുകയ്ക്ക് നിലവിൽ ഉടമസ്ഥാവകാശം ഉള്ള വ്യക്തി മറ്റ് വ്യക്തികൾക്ക് വാടകയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ? എങ്കിൽ എന്ത് നിയമ നടപടിയാണ് ജിസിഡിഎ സ്വീകരിച്ചിട്ടുള്ളത്?
ഉത്തരം:- ഇതുസംബന്ധമായി റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

ചോദ്യം (5) :- ഈ കടമുറികളിൽ ഇപ്പോൾ നടക്കുന്ന മരാമത്ത് പണികൾ ജിസിഡിഎയുടെ അറിവോടുകൂടിയാണോ?
ഉത്തരം:- അനുമതി നൽകിയിട്ടില്ല.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**എം.സി. ജോസഫ്**
അപ്പലേറ്റ് അതോറിറ്റി/ സെക്രട്ടറി
ജി.സി.ഡി.എ, കൊച്ചി- 682020.

വിശ്വസ്തതയോടെ,

**എ. ഇമാമിൻ മുബീൻ**
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

RPR